LIBRARY ARCHIVES Kerala Legislative Assembly

## ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ

26(*326) ശ്രീ. റ്റി. വി.രാജേഷ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻസാധനങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും പൊതുജനങ്ങൾ ഇതുസംബന്ധിച്ച് നൽകുന്ന പരാതികൾ തീർപ്പാക്കുന്നതിനുമായി ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ സമിതികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഏതെല്ലാം തലത്തിലാണ് ഇവ രൂപീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചു.
2. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു.
3. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.
4. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചുവരുന്നു.
5. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ്. സന്ദേശം നൽകിവരുന്നു.

6. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കുന്നു.

7. ഡിജിലോക്കർ സംവിധാനത്തിൽ റേഷൻ കാർഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

8. പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ചു.

കൂടാതെ റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻ വ്യാപാരി കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടോ എന്നും ഉറപ്പ് വരുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ (29) പ്രകാരം പൊതുവിതരണ രംഗത്തെ കൃത്യതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന, ജില്ലാ, ബ്ലോക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ 17-8-2018-ലെ സ.ഉ.(സാധാ) നമ്പർ 417/2018/ഭ.സി.സ.വ., 418/2018/ഭ.സി.സ.വ., 419/2018/ഭ.സി.സ.വ., 420/2018/ഭ.സി.സ.വ. എന്നിവ പ്രകാരം രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനതല വിജിലൻസ് കമ്മിറ്റിയിൽ കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്നതിനായി നിയമസഭാസാമാജികരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടികൾക്ക് കത്ത് നൽകിയിട്ടുണ്ട്. ജില്ലാ, താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികളിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളെ നിർദ്ദേശിക്കുന്നതിന് ജില്ലാ സപ്ലൈ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നവോത്ഥാന സംരക്ഷണ സമിതിയുടെ പ്രവർത്തനം

27(*327) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവോത്ഥാനമൂല്യ സംരക്ഷണത്തിനായി രൂപീകരിച്ച നവോത്ഥാന സംരക്ഷണ സമിതിയുടെ പ്രവർത്തനം പാർലമെന്റ് തിരഞ്ഞെടുപ്പിന് മുന്നോടിയായി നിർത്തിവച്ചിരുന്നോ എന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly